# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1653

14..12..2012-ൽ മറുപടിക്ക്

### കോയിപ്പാടി കാലിത്തീറ്റ മില്ലിംഗ് പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി.അബ്ദുൾ റസാക് | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാസർഗോഡ് കോയിപ്പാടി കാലിത്തീറ്റ മില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത പ്ലാന്റ് എപ്പോൾ സ്ഥാപിക്കാനാകുമെന്നും അതിനായി എത്ര തുക ചെലവാകുമെന്നും വ്യക്തമാക്കുമോ ; | കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാസർഗോഡ് കോയിപ്പാടി കാലിത്തീറ്റ മില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് ആവശ്യമായ ഭൂമി ക്ഷീരവികസന വകുപ്പിൽ നിന്നും മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന് ലീസിന് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. പദ്ധതി പൂർത്തീകരിക്കുന്നതിന് ഏകദേശം ഒരു കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ